# മഴവില്ല്



## എസ്സ്.എച്ച്.വി.എച്ച്.എസ്സ് കാരയ്ക്കാട്

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ചീഫ് എഡിറ്റർ : ആരോമൽ ജെ

അബിൻ എസ്സ്

സബ് എഡിറ്റർ : വിജയലക്ഷ്മി ബി

എഡിറ്റോറിയൽ

ബോർഡ് : മിഥുൻ

അഭി

ആദിത്ത്

അരുന്ധതി

അഞ്ജന

# ആമുഖം

എസ്സ്.എച്ച്.വി.എച്ച്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ

നിങ്ങൾക്കായി സമർപ്പിക്കുന്നു



# ഉള്ളടക്കം


| | |
|---|---|
| നിശാഗന്ധി | -5 |
| പൂക്കളൊക്കയും | -6 |
| മലയാള ഭാഷ | -7 |
| കുസൃതി ചോദ്യങ്ങൾ | -8 |
| ഗുരു | -9 |
| ഉണർവിന്റെ പാതയിൽ | -10 |
| Bang the Drum | -11 |
| മായാത്ത കാഴ്ചകൾ | -12 |
| എഴുത്തുകാരന് | -13 |
| നമ്മുടെ ഗുരുത്വം | -14 |
| കേരളം | -15 |
| കലാരൂപങ്ങള് | -16 |
| My Mother | -17 |
| നമ്മുടെ ഉത്സവങ്ങൾ | -18 |
| നല്ല മാവ് | -19 |
| Tree Plantation | -20 |
| തുടിതാളം തേടി | -21 |
| അമ്മക്കു പകരം മകന് | -22 |
| Dreaming | -23 |
| മഴ | -24 |
| വേർപാട് | -25 |
| ജീവചരിത്രം | -26 |
| Song of Dream | -27 |
| അപ്പൂപ്പൻ താടി | -28 |

# നിശാഗന്ധി



നിശയിൽ പൂക്കുന്ന നിശാഗന്ധി പൂവേ

നിൻ സുഗന്ധം പാരിൽ പരക്കുമ്പോൾ

ആനന്ദം എൻ മനസ്സിൽ പൂക്കുന്നു

നിശയിൽ നിൻ ഇതളുകൾ

വിരിയുമ്പോൾ

എൻമനമാകെ കുളിരുന്നു

നിൻ പൂമ്പൊടിയിൽ പറന്നെത്തുന്ന

ശലഭങ്ങൾ  എത്ര മോഹനം.

നിൻ ഇതളുകൾ പൊഴിയുമ്പോൾ

എൻ മനമാകെ നൊമ്പരം നിറയുന്നു

എൻ മനസ്സിൽ എന്നും നിൻ

ഓർമ്മകൾ മാത്രം

നിൻ ഇതളുകൾ  തേടി ഞാൻ

ഈ  പാരിലാകെ അലയുന്നു.

ADHITHYA B 9 A

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു
തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു ?



**AKHIL K S 9A**

# മലയാള ഭാഷ

മലയാളഭാഷയെൻ ഭാഷ.

മലയാളമാണെന്റെ നാട്.

മലയാള ഭാഷയും

മലയാള നാട്ടുമെൻ

സിരകളിൽ പൂത്തു നിൽക്കുമ്പോൾ,

അഭിമാനഭരിതമെൻ

ഉള്ളത്തിലായിരം

കനവുകൾ നെയ്യുന്ന കാലം

സുരഭില സംസ്കാര

മുദ്രകൾ ചാർത്തുന്ന

സുകൃതം നുണയുന്ന ജന്മം.

അമരത്വമോലുന്ന മാതൃത്തമരുളു-

ന്നൊരു അമൃതാമെനിക്കെന്റെ ഭാഷ

എന്റെ നിറവാണെനിക്കെന്റെ ഭാഷ.

എന്റെ നെറിവിന്റെ, നേരിന്റെ

വഴികൾ തെളിക്കുന്ന

പൊരുളായി തീരുന്ന ഭാഷ,

ചാരു മലയാള കേരള ഭാഷ.



**ആരോമൽ 9A**

# കുസൃതി ചോദ്യങ്ങൾ

വിദേശികൾക്ക് ഇഷ്ടപ്പെട്ട ഇസം ?

ടൂറിസം

കള്ളൻമാർ ഇഷ്ടപ്പെടുന്ന ഗ്രഹം ?

വിഗ്രഹം

മധുരവും പുളിപ്പുമുള്ള പുളി ?

മുന്തിരി

തലകുത്തി നിന്നാൽ വലുതാകുന്നതാര് ?


ആറ്

പൂച്ചയ്ക്ക് പിടിക്കാൻ പറ്റാത്ത എലി ?

**കമ്പ്യൂട്ടറിലെ മൗസ്**

**അർജ്ജുൻ**

# ഗുരു



ആയിരം ജന്മങ്ങൾ തൻ

ജപമാർന്ന പുണ്യം

അന്തരാത്മാവിൽ നിറച്ച

ആദിമന്ത്രത്തിന്റെ

അനന്തരൂപങ്ങളിൽ

ആത്മചൈതന്യം തിരഞ്ഞ് വൻ

അലിവാർന്ന മനസ്സിൽ നിന്ന്

അറിവിന്റെ ഗംഗയിൽ നിന്ന്

ഒരു കുമ്പിൾ തീർത്ഥം എനിക്കായി പകർന്നവർ

എരിയുന്ന സത്യങ്ങൾ തൻ മണൽക്കാടുകളിൽ

പിച്ചനടക്കാൻ പഠിപ്പിച്ചവൻ

എന്നെ തനിച്ചാക്കി മാറ്റിയവൻ

**എൻ ഗുരുനാഥൻ.**

# ഉണർവിന്റെ പാതയിൽ

ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം......
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുറിയൊരളുക്കുകൾ മാത്രം......
ഇതെന്തപൂർണതയെന്നറിയുമ്പോഴുമീയസ്വന്ത്ഥത
അക്കഥ പറയാൻ വാക്കുകൾ തേടി
അക്കടതൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി
സർഗസപര്യയിൽ മുഴുകുമൊരസ്വന്ത്ഥതയിൽ
ഞാനെൻ സ്വന്ത്ഥത തേടുന്നു.....’

**SREETHU 9A**

# Bang the Drum



you and I
Together we reach  for sky
its not about winning
its all about playing the game
From the east
From the West
Each of us trying our best
chasing a dream
Burning to follow the flame
Bang the drum  a little louder
so the whole whole world can hear
the whole world can hear
From near
From far
It’s clear, wherever you are
This is your moment
Your time to run like the wind
Dream big
Aim high
Even believe you can fly
Give it your all
Let the Games begin

Bang the Drum a little louder
So the whole word can hear
the whole word can hear
Jump up a little higher
so the whole word can see ya
the whole word can see ya

Sing the song a little louder
so the whole world can hear
the whole world to hear
sing the song a little louder
so the whole world can hear
the whole world can hear (Repeat)
Bang the Drum

# മായാത്ത കാഴ്ചകൾ



**നിലാവില്ലാത്ത രാത്രി . നദിയിലൂടെ നീങ്ങുന്ന ചെറുതോണി .അതിൽ ഏകാകിയായി യാത്രചെയ്യുകയായിരുന്ന രവീന്ദ്രനാഥ ടാഗോർ. മെഴുകുതിരിയുടെ അരണ്ട വെളിച്ചം. തണുത്ത കാറ്റ് ഇടയ്ക്കൊന്ന് ആഞ്ഞുവീശി.വിളക്കണഞ്ഞു. എങ്ങും കൂരിരുട്ട്.കൈയിലെ പുസ്തകമടച്ച് ടാഗോർ ചുറ്റിലും നോക്കി.ഇരുകരകളിലും വൂട്ടുവെളിച്ചത്തിന്റെ കൊച്ചുകൊച്ചു ശകലങ്ങൾ! നദിയുടെ ഓളങ്ങളിൽ വെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്നഭംഗി ! ഇരുട്ടിന്റെ സൗന്ദര്യത്തിൽ മനം മയങ്ങി മഹാകവി നിശ്ചലനായി ഇരുന്നു.**

**SREETHU R 9A**

# എഴുത്തുകാരനും   തൂലികാനാമവും



| | | |
|---|---|---|
| പ്രേംജി | - | എം.പി.ഭട്ടതിരിപ്പാട് |
| വി.കെ.എൻ | - | വടക്കേ കൂട്ടാല നാരായണൻ നായർ |
| കേരളപാണിനി | - | എ.ആർ.രാജരാജവർമ്മ |
| കേരള കാളിദാസൻ | - | കേരളവർമ്മ വലിയകോയതമ്പുരാൻ |
| എൻ.എൻ.കക്കാട് | - | കെ.നാരായണൻ നമ്പൂതിരി |
| കോവിലൻ | - | വി. അയ്യപ്പൻ |
| കേസരി | - | കേസരി ബാലകൃഷ്ണപിള്ള |
| | - | കേസരി കുഞ്ഞിരാമൻ നായർ |
| കേരളവ്യാസൻ | - | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ |

ADITHYA SAJI 9A

# നമുക്ക് ഗുരുത്വമുള്ളവരാകാം


നിങ്ങളുടെ ജോലിയോട് സാഹസികമായ അർപ്പണബോധമുണ്ടെങ്കിൽ മാത്രമേ വിജയം നേടാനാകൂ. അജയ്യമായ ആവേശത്തോടെ മുന്നേറിയാൽ നമുക്ക് അർഹമായ സ്ഥാനം നിഷേധിക്കാൻ ഒരു ശക്തിക്കും സാധ്യമാവില്ല.

നമ്മെ പഠിപ്പിച്ചുയർത്തിയ നമ്മുടെ പ്രിയഗുരുനാഥന്മാരെല്ലാവരും നമ്മെ ജീവിക്കാൻ പ്രചോദിപ്പിക്കുന്നു.ജീവിതത്തിലെ ഓരോ നിമിഷവും അർത്ഥപൂർണമാക്കാനും ജീവിതക്ലേശങ്ങളെ അതിജീവിക്കാനും പ്രചോദിപ്പിക്കുന്ന ആ ഗുരുസ്മരണയ്ക്കാണ് ഗുരുത്വം എന്നു പറയുന്നത്.................

**AROMAL ANEESH 9B**

# കേരളം

## ദൈവത്തിന്റെ സ്വന്തം നാട്




അനന്തവിശാലമായ നീലാകാശത്തിനു കീഴിൽ ഭാരതസാമ്രാജ്യത്തിന്റെ തെക്കു പടിഞ്ഞാറു മലനിരകളിൽ ഒരു സുന്ദരിയെ പോലെ കേരളം വിളങ്ങുന്നു. പ്രകൃതിഭംഗിയും ഐശ്വര്യ സമൃദ്ധിയും സഞ്ചാരികളുടെ പറുദീസയായി അറിയപ്പെടുന്നു. തിരമാലകളുടെ ആനന്ദ നിർവൃതിയിൽ മതിമയങ്ങി ആനന്ദ നിദ്രകൊള്ളുന്ന കന്യാകുമാരിയും, കുളിർക്കാറ്റും കുഞ്ഞോളവും വിശാലവുമായ പെരിയാർ തടാകത്തിന്റെ തീരത്ത് വന്യമൃഗങ്ങളുടെ ഉല്ലാസഭീമമായ തേക്കടിയും ഏത് സൗന്ദര്യാരാധകനെയാണ് ആകർഷിക്കാത്തത് ! വളർന്ന കലാകാരന്മാർക്കും അനുഭൂതികൾ തേടി അലയേണ്ടതില്ല

യഥാർത്ഥ കവിതയുടെ ഉറവിടം ഇവിടെയാണ്. കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കപ്പെടുന്ന കുട്ടനാടിന്റെ പ്രകൃതിഭംഗി അവർണ്ണനീയമാണ്. ആറന്മുള **വള്ളംകളി വിദേശ സഞ്ചാരികളെപ്പോലും ആകർഷിക്കുന്നു.കടലും കരയും കായലുംപുഴയും കൈകോർത്തു നിൽക്കുന്ന കേരളാന്തരീക്ഷം പ്രകൃതിയുടെ അനുലഭാനുഗ്രഹങ്ങൾ പ്രാപിച്ചു നിൽക്കുന്നു. ചൂടുകുറഞ്ഞ പകലുകളും നിലാവൂറുന്ന** രാവുകളും സന്ധ്യശ്യാമളതയും ലോകത്തിന്റെ മറ്റൊരു കോണിലും നമുക്ക് ദൃശ്യമല്ല! ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടങ്കിൽ അത് ഇവിടെയാണ് എന്ന് ഉദ്ഘോഷിച്ചാൽ

**അതിലെന്താണ് അതിശയം? അതേ ഇത് ദൈവത്തിന്റെ സ്വന്തം നാടാണ്!**

# കേരളീയ കലാരൂപങ്ങൾ









# MyMother



My dear mom ;
our are my best friend
You gave me life
Instead of that-
can give nothing ,
but my love is there for you
Thankyou for the kindness,
Thankyou for the happiness;
Thankyou for the care,
Thankyou for the dare.
I love you;
more than anthing
I'll love you to the end.
**You are my mother first,**
then my very best friend.
To live forever and always-
Is what Iwish for you
If you are with me
I am complete...

**SNEHA PRADEEP 9A**

# നമ്മുടെ ഉത്സവങ്ങൾ






പൊന്നിൻ ചിങ്ങം വന്നാൽ നമ്മുടെ-
മാമലനാട്ടിൽ പൊന്നോണം
ഓണക്കോടിയുമോണനിലാവും
മേളിക്കുന്നൊരു തിരുവോണം
വിജയദശമിക്കല്ലോ നല്ലൊരു
വിദ്യാരംഭം നമ്മൾക്ക് !
മേടപ്പുലരിക്കെന്നും കൊന്ന-
പ്പൂക്കണിവെക്കും വിഷുവല്ലോ
വിഷുവിന്നല്പം മുമ്പോ, പിമ്പോ
ഈസ്റ്റർ തിരുനാൾ വന്നണയും
ധനുമാസത്തിൽ വളകളിളക്കി
തിരുവാതിരയുടെ വരവാകും !
ഡിസംബറിരുപത്തഞ്ചിനു കൃത്യം
ഹാപ്പി ക്രിസ്മസ് മേളാങ്കം !

**അബിൻ 9A**

# നല്ല മാവ്



മാവ് പറഞ്ഞു മണിക്കുട്ടാ
മാമ്പഴമുണ്ട് പറിച്ചോളൂ
കുട്ടി പറഞ്ഞു നടക്കില്ലാ
മാവിൽ കയറാനറിയില്ല
കയറുവതെന്തിനു വെറുതെ നീ
മാമ്പഴമൊന്നു പൊഴിച്ചു തരാം.

**അബിൻ 9A**

# Tree Plantation




Man has a clear relation with nature. Nature helps in many ways similarly trees are also closely related to our life. They are our friends. Trees play an important role in our life and economy.

There are many road and highways in our country. We can plant tree on the both sides of these roads and highways. In the village there are many places which can be used for tree plantation.

**VIJAYALEKSHMI B 9A**

# തുടിതാളം തേടി . . .

നമ്മുടെ മാതാവ്വ്- കൈരളി -പണ്ടൊരു
പൊന്മണിപൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.



**ആരോമൽ 9**

# അമ്മക്കു പകരമെത്തിയ മകൻ



വർഷങ്ങൾ മുമ്പാണ് ഇംഗ്ലണ്ടിലെ ആൾഡർ ഷോട്ടിലുള്ള ഒരു നാടകവേദിയാണ് രംഗം. നാടകത്തിലെ ഗാനം ആലപിച്ചുകൊണ്ട് ലില്ലി എന്നൊരു ഗായിക രംഗത്തു വന്നു.ശ്രുതിമധുരമായ ആ ഗാനം ആസ്വദിച്ച് സദസ്യർ നിശ്ശബ്ദരായിരുന്നു.പെട്ടെന്ന് ആ ഗായികയുടെ തൊണ്ട വരണ്ടു. ചുണ്ടുകൾ ലിക്കുന്നുണ്ടെങ്കിലും ശബ്ദം പുറത്തേക്ക് വന്നില്ല. പാടിക്കൊണ്ടിരുന്ന ഗാനം ഞരക്കം പോലെയായി.ഗാനത്തിന്റെ താളവും ശ്രുതിയും പിഴച്ചതോടെ കാണികൾ ഉച്ചത്തില് കൂവാൻ തുടങ്ങി തന്റെ കലാജീവിതം ഇവിടെ അവസാനിക്കുകയാണ് അവർ മുഖംപ്പൊത്തിക്കരഞ്ഞു കൊണ്ട് ഓടി. ഇതെല്ലാം കണ്ട് ആ ഗായികയുടെ അഞ്ചു വയസുള്ള മകൻ സ്റ്റേജിന് അരികിൽ നിൽപ്പുണ്ടായിരുന്നു തന്റെ അമ്മയെ ഓർത്ത് ആബാലൻ വേദനിച്ചു .

പെട്ടെന്ന് കാണികൾക്കു മുമ്പിൽ അവൻ ഒരു കലാപരിപാടി അവതരിപ്പിച്ചു . അതുകണ്ട് കാണികൾ പൊട്ടിച്ചിരിച്ചു അവർ അവനെ കൈയടിച്ചു പ്രോത്സാഹിപ്പിച്ചു . നാണയത്തുട്ടുകൾ സേ്റ്റജിലേക്ക് എറി ഞ്ഞുകൊടുത്തു. അമ്മ കൂകി വിളിച്ച കാണികളുടെ കൈയ്യടി നെടിയ ബാലൻ ആരെന്നോ?

പിൻകാലത്ത് പ്രശസ്ത ഹാസ്യ താരമായി ലോകത്തെ പൊട്ടിച്ചിരിപ്പിച്ച ചാർലി ചാപ്ലിൻ.

**ADITH SAJEEV 9 A**

# DREAMING



Close your eyes and spread your wings
make a wish and dream good dreams
Don’t ever say, you’ll never tell
cause life is short and very frail
Just be still and take a look
Before you know it, you’ll be hooked
Then once in a blink eye
Everything would change
Come into another world
Never going back
But once you close your eyes and
Wait a little longer
You can go back
and be happy and again.

ABHI 9A

# മഴ

വേനലിൽ മരങ്ങൾ
വാടി നില്പൂ
മഴയിൽ മരങ്ങൾ
കുളിച്ചു നില്പൂ
കാലം കടന്നുപോയി
വേനൽ കടന്നുപോയി
വർഷകാലമിങ്ങണഞ്ഞു
വേനലിൽ തളർന്ന
നില്ക്കും മരങ്ങളിൽ
മഴത്തുള്ളികൽ സന്തോ-
ഷത്തിൽ പൂക്കൾ വിരിക്കുന്നു
മഴയിൽ മരങ്ങൾ
**പുഞ്ചിരിക്കുന്നു** .



SANIKA SALI 9A

# വേർപാട്



പിരിയുകയായി വെൺപ്രാവുകൾ
ചിരിയുടെ തൂവെൺ പക്ഷികൾ
പുതിയൊരു സ്നേഹചിറകിലേറി
പുതിയൊരു ലക്ഷ്യം നെഞ്ചേറ്റി
അന്നൊരാ മഴയിൽ നീ വന്നി
തെൻ കുടക്കീഴിലായ്
ഇന്നൊരു വേനലിൽ നീ
പോകയാണെന്നിൽ നിന്നുമേ
ഒരു സുഹൃത്തായി ഈ നാളേത്ര-
നിന്നോടൊത്തു നടന്നില്ലേ ?
ഇന്നീ വേർപാടിന്റെ
വേദനയിലും ഒരുപാടുണ്ടോർമ്മകൾ അകതാരിൽ.

**അഭി 9A**



# ജീവചരിത്രക്കുറിപ്പ്

## ഇടശ്ശേരി ഗോവിന്ദൻനായർ (1906-1974)



പൊന്നാനിയിൽ ജനനം. കൂട്ടുകൃഷി,പുത്തൻകലവും അരിവാളും,കാവിലെപാട്ട്, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക,അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം,കേരളസാഹിത്യ അക്കാദമി അവാർഡ് , ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട് .

# SONG OF A DREAM



Once in the dream of a night I stood
lone in the light of a magical wood
Soul-deep in visions that poppy- like sprang
And spirits of truth were the birds that sang
And spirit of love were the star that glowed
And spirit of peace were the streams that flowed
In that magical wood in the land of sleep

Lone in the light of that magical grove,
I felt the stars of the spirit of love
Gather and gleam round my delicate youth,
And I heard the song of the spirits of truth ;
to quench my longing i bent my low
By the streams of the spirits of peace that flow
In that magical wood in the land of sleep

Arundhathy 9A

# അപ്പൂപ്പൻ താടി

പുലർച്ചെ കണ്ണും തിരുമ്മി ഉണ്ണി മുറ്റത്തേക്കിറങ്ങി . ഇളം കാറ്റിൽ അവന്റെ തലമുടി ഇളകിയാടി . ഉണ്ണിയുടെ കണ്ണിൽ തിളക്കം.



അതാ ഒരു അപ്പൂപ്പൻ താടി... ഉണ്ണി കൈയെത്തി പിടിച്ചു. അവൻ സന്തോഷംകൊണ്ടു തുള്ളിച്ചാടുമായിരുന്നു. ഇപ്പോൾ കുട്ടി കൾക്കൊക്കെ കാറ്റു കൊള്ളുവാനും പൂമ്പാറ്റയെ കാണാനും കണ്ണാരം പൊത്തി കളിക്കാനും ഒക്കെ എവിടാ സമയം ടി.വി. യിൽ കർട്ടൂൺ കാണാനും ഗെയിം കളിക്കാനും അല്ലേ താല്പര്യം. എനിക്ക് പറന്നു വ ന്ന് ഇരിക്കാൻ ഒരു മരംപോലുമില്ല. വൃക്ഷങ്ങൾ എല്ലാം വെട്ടിക്കളയുവ ല്ലേ. എനിക്കു മടുത്തു ഞാൻ കാട്ടിലേക്കു പോകുവാ ഉണ്ണി. അപ്പൂപ്പൻ താടി പറന്നു പറന്ന് ദൂരേക്ക് പോയി. ഉണ്ണി സങ്കടത്തോടെ നോക്കിനിന്നു.

അബിൻ

9A